നർമ്മ ഭാവന

# എഴുത്തുകാരുടെ ശല്യം

## സുധീർ പണിക്കവീട്ടിൽ

ഒരാൾ സ്രുഷ്ടി നടത്തുമ്പോൾ ആ സ്രുഷ്ടി അയാൾക്ക് തന്നെ വിനയായി വരുന്നത് ഒരത്ഭുത പ്രതിഭാസമാണു്. സാക്ഷാൽ ദൈവത്തിനുപോലും ഈ ദുരന്തം ഉണ്ടായി മനുഷ്യരെ സ്രുഷ്ടിച്ച അന്നു മുതൽ അദ്ദേൽഹത്തിനു സമാധാനം ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു. ഭൂമിയിലെ മനുഷ്യർ എന്തു ചെയ്യുന്നുവെന്നറിയാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചു. അതിനു നിത്യവും അങ്ങ് ദേവലോകത്ത് സദസ്സുകൾ കൂടി. അത്തരം സദസ്സുകളിൽ മാലാഖമാർ ഭൂമിയിൽ നിന്നുള്ള വാർത്തയുമായി സന്നിഹിതരായി.

സദസ്സ് നടക്കുമ്പോൾ തൽക്ഷണം ഭൂമിയിൽ നിന്നുള്ള വാർത്തകൾ പിടിച്ചെടുക്കാനുള്ള യന്ത്രങ്ങളുമായി ദൈവത്തിൻെറ സാങ്കേതിക വിഭാഗം തയ്യാറായി. അത്തരം സദസ്സുകളിൽ അവർ ശ്രദ്ധാലുക്കളായി. അങ്ങനെ പതിവുപോലെ അന്നത്തെ സദസ്സ് ആരംഭിച്ചു. മാലാഖമാർ, വാർത്താപ്രതിനിധികൾ, ക്യാമറ , കടലാസ്സ്, ആൻറിന, ഒക്കെ ശരിയായി. ദൈവം പ്രവേശിച്ചു.

സദസ്സ് ഏണീറ്റ് നിന്ന് ആദരവു പ്രകടിപ്പിച്ചു.

ദൈവം എല്ലാവരോടും ഇരിക്കാൻ പറഞ്ഞ് ചുറ്റിലും ഒന്നു കണ്ണോടിച്ചു. ദൈവത്തിൻെറ പതിവ് ചോദ്യം ചോദിച്ചു.

ഭൂമിയിൽ ആർക്കെങ്കിലും എന്നെപോലെ ആകണമെന്നുണ്ടൊ?

കോറസ്സ് " ഈ നേരം വരെ ഇല്ല" (ഏദൻ തോട്ടത്തിൽ വച്ച് കൊടുത്ത ശിക്ഷ ഓർക്കുമ്പോൾ ആർക്കാണു ആ പൂതി തോന്നുക)

ദൈവത്തിനു സമാധാനമായി. അദ്ദേഹം പറഞ്ഞു ഭൂമിയിൽ നിന്നുള്ളവാർത്തകൾ കേൾക്കട്ടെ. മാലാഖമാർ അവരുടെ യന്ത്രങ്ങൾ ചലിപ്പിച്ചു. ഏത് ദിശയിൽ നിന്നുള്ള വാർത്തകളാണു വേണ്ടത് , മാലാഖമാർ ചോദിച്ചു.

ദൈവം ഭാരതത്തിൽ നിന്നും തന്നെയാകട്ടെ ആദ്യം. മാലാഖമാർ ട്യൂണിങ്ങ് തുടങ്ങി. ഹര..ഹരൊ... ഹര..ഹരാ ഹലേല്ലൂയ ...വാങ്ക് വിളി, മണിയടി, കിടന്നുരുളൽ, കയ്യടി, കൂട്ടകരച്ചിൽ, കാവടിയാട്ടം, അങ്ങനെ പല ചേഷ്ടകളും ബഹളങ്ങളും കേട്ട് മാലാഖമാർ പതിവുപോലെ പരിഭ്രാന്തരായി. ദൈവം മന്ദസ്മിതം തൂകി. അദ്ദേഹം വിശദീകരിച്ചു. ഭാരതം എന്നു പറയുന്നതാണു ബാബേൽ ഗോപുരം. അവിടെ ശാന്തിയുണ്ടാകില്ല. ഒരിക്കലും. അവർ എന്നെ കണ്ടെത്താൻ പല മതങ്ങളും സഹായകമാകുമെന്നു വ്രുഥാ വിശ്വസിക്കുന്നു. അപ്പോഴേക്കും യന്ത്രത്തിൽ നിന്നും ഒരു ശബ്ദം.

"അതാണ്ട,, ഇതാണ്ട.. അരുണാചലം...."

എന്താണത് ദൈവം മാലാഖമാരോട് ചോദിച്ചു

മാലാഖമാർഃ അതു തമിഴ്നാടാണു. അവിടെ സിനിമതാരങ്ങളെയൊക്കെ ദൈവത്തെപോലെയാണു കരുതുന്നത്. അവിടത്തെ സൂപ്പർ താരം രജനീകാന്തിനു ഒരു വരവേൽപ്പ് കൊടുക്കുകയാണു. അവിടെ താരമായിരുന്ന ഒരാൾ ഇവിടെയുണ്ട് ഇപ്പോൾ. ദാ, അങ്ങോട്ട് നോക്കു, അവിടെ ഒരു സുന്ദരൻ നിന്നു പാട്ടു പാടുന്നു. " നാൻ ആണയിട്ടാൽ അതു നടന്ത് വിട്ടാൽ" ദൈവം പറഞ്ഞു മതി, മതി അടുത്ത സ്റ്റേഷൻ നോക്കുക...

"പുല്ലാണു, പുല്ലാണ് ഞങ്ങൾക്കെല്ലാം പുല്ലാണ്. ഒരു ജാഥ , പോലീസ്, കണ്ണീർവാതകം, വെടിവെയ്പ്പ്, ആകെ ബഹളം, മാലാഖമാർ വിശദീകരണം നൽകി. അതു കേരളമാണ്. അവിടെ ഇപ്പോൾ നമ്മുടെ ദേവി സരസ്വതിയുടെ ചൈതന്യം ധാരാളമുണ്ട്. ഇയ്യിടെയായി മഹാലക്ഷിമിയും പ്രസാദിച്ചു. അപ്പോൾ നാഗരികത വിടപറഞ്ഞു. അവിടെ ആകെ കുഴപ്പമാണു. ഇങ്ങനെ ഓരോന്നും ശ്രദ്ധിക്കുമ്പോൾ ഭയങ്കര നിലവിളിയും ബഹളവും, കയ്യടിയും, സ്തുതിയും...

ദൈവം ഃ എന്താണത്.,

മാലാഖഃ ദാ ഇയ്യിടെ തുടങ്ങിയ ഒരു പരിപാടിയാണ് അത്. ഭാരതം ഒട്ടുക്കുമുണ്ട്. ഒരു കൂട്ടം ആളുകൾ പ്രാർഥിക്കുകയും അങ്ങയെ സ്തുതിക്കുകയുമാണ്.

ദൈവംഃ ഇത്ര ശബ്ദത്തിലോ, ഞാൻ എന്ത ചെകിട്പൊട്ടനോ?

മാലാഖമാർ മറുപടി പറയാതെ നിന്നു. ഒരു മാലാഖ അൽപ്പം പരിങ്ങലോടെ പറഞ്ഞു. "കുറെ നാളായില്ലേ ഭൂമിയിലേക്ക് പോയിട്ട്, അപ്പോൾ പലവിധത്തിലാണ് ജനങ്ങൾ അങ്ങയെ സങ്കൽപ്പിക്കുന്നത്. മേൽപറഞ്ഞവരാണു ശരിക്കും അങ്ങയെ അറിയുന്നവർ എന്നവർ അവകാശപ്പെ ടുന്നു. യഥാർഥ അങ്ങ് ആരാണെന്നു അവർക്ക് കാട്ടികൊടുക്കണം. മാലാഖ ഇതു പറയുന്നതിനിടയിൽ യന്ത്രത്തിൽ നിന്ന് അസാധാരണമായി ഒരു ഇരമ്പൽ. പെട്ടെന്ന് സ്റ്റേഷൻ മാറി. ഒരു മുറവിളി, കരച്ചിൽ, ഏങ്ങൽ, പ്രതിഷേധം.

ദൈവം ഃ ആ സ്റ്റേഷൻ ഒന്നു വ്യക്തമാക്കു. മാലാഖമാർ അതു അനുസരിച്ചു. പിന്നീട് അവർ ദൈവത്തോട് പറഞ്ഞു. ഇതു ഭൂമിയിലെ ഒരു സമ്പന്നരാജ്യത്തിൽ കുടിയേറിപാർത്തവരുടെ പ്രാർഥനയാണു. ഏകദേശം അഞ്ചുവർഷങ്ങളായി ഈ പ്രാർഥന മുറുകാൻ തുടങ്ങിയിട്ട്.

ദൈവം ഃ അവിടെ നല്ല സുഖമല്ലേ, എന്താണ് അവർക്ക് പിന്നെ വേണ്ടത്.

മാലാഖ ഃ അവർക്ക് എഴുത്ത്കാരുടെ ശല്യം കൊണ്ട് ജീവിക്കാൻ വയ്യെന്നു.

ദൈവം അത്ഭുതപരതന്ത്രനായി എഴുത്തുകാർ എന്നാൽ സർഗ്ഗസ്രുഷ്ടി നടത്തുന്നവർ. സ്രുഷ്ടി നടത്തുന്നവർക്കൊക്കെ അവരുടെ സ്രുഷ്ടികൾ വിനയാകുന്നത് പതിവായല്ലോ?

മാലാഖഃ നമുക്ക് അവരുടെ പരിദേവനങ്ങൾ ഒന്നു പരിശോധിച്ച് നോക്കാം. താഴെ പറയുന്ന മുറവിളികൾ മാലാഖമാർ ട്യൂൺ ചെയ്തെടുത്തു.

"പൊന്നുകർത്താവെ, ഇയ്യുള്ളോന്റെ ജീവൻ നീ എടുത്താലും വേണ്ടില്ല, ഇവൻന്മാരുടെ കഥകളും, കവിതകളും, ലേഖനങ്ങളും, കാണാൻ വയ്യായ്യെ, പൊന്നീശോയേ. ഒരാൾ ഇത്തിരി ഗൗരവത്തിലാണു. ഈ പത്രക്കാർക്ക് വേറെ പണിയൊന്നുമില്ലേ. വല്ല കടക്കാരുടേയും സെയിലിൻേറ പരസ്യ്മിട്ടാൽ നാലുകാശ് ലാഭമുണ്ടാക്കാം. ഓരോ അവന്മാരു പടച്ച് വിടുന്നത് വായിക്കാൻ ഞാൻ എന്താ കോത്താഴത്തുകാരനോ....അതിനിടയിൽ ഒരു സ്ത്രീ ശബ്ദം. ഈ നേഴ്സുമാരെ കളിയാക്കുന്നതാണോ കഥ, കവിത ...ബാക്കിയുള്ളൊരില്ലായിരുന്നെങ്കിൽ കാണാമായിരുന്നു.

ഈ ബഹളത്തിൻറയിൽ മാലാഖമാർ ഒരു യജ്ഞശാല കണ്ടു. സൂക്ഷിച്ചു നോക്കിയപ്പോൾ അതൊരു ശിൽപ്പശാലയാണെന്നവർക്ക് മനസ്സിലായി. അവിടെ ഒരു നേതാവിന്റെ സ്വരം. " എലിയെപേടിച്ച് ആരെങ്കിലും ഇല്ലം ചുടുമോ? ഒരു നായരെ പേടിച്ച് നിങ്ങൾ എഴുതാതിരിക്കരുത്. നിങ്ങൾക്ക് നഷ്ടപ്പെടാൻ പേനയിലെ മഷിമാത്രം. കയ്യടി ഗംഭീരം.. നേതാവ് ആകെ കോരിത്തരിച്ചു. എണ്ണത്തിൽ കുറവുള്ള എഴുത്തുകാരെ കടത്തിവെട്ടികൊണ്ട് പൊതുജനം മുട്ടിപ്പായി പ്രാർഥിച്ചു. "കഴിയുമെങ്കിൽ ഈ കാലമാടന്മാരുടെ കലാസൃഷ്ടികൾ ഞങ്ങളുടെ ഇടയിൽ നിന്നു എടുക്കേണമേ..എന്നാലും നിന്റെ ഇഷ്ടം വരേണമേ..

ദൈവം പറഞ്ഞു : എല്ലാ സ്റ്റേഷനുകളും ഓഫാക്കുക. എന്താണു ഞാനീ കേൾക്കുന്നത്. വാസ്തവത്തിൽ ഒരു ജനത എഴുത്തുകാരുടെ ശല്യം മൂലം പൊറുതിമുട്ടി കഴിയുന്നുവെന്നോ? ഇതന്വേഷിക്കണം. അഞ്ചു വർഷത്തിൽ കൂടുതലായി ജനം നമ്മോട് അപേക്ഷിക്കുന്നു. ദൈവം പ്രധാന മാലാഖയെ വിളിച്ച് അന്വേഷണചുമതല ഏൽപ്പിച്ച് അൽപ്പം വിശ്രമിക്കാൻ പോയി. പ്രധാന മാലാഖ ഒരു രസികനായിരുന്നു. അദ്ദേഹം മറ്റ് മാലാഖമാരെ എല്ലാംവിളിച്ച് അന്വേഷണത്തിന്റെ പ്രാരംഭമായി ചർച്ച ആരംഭിച്ചു.

പ്രധാന മാലാഖഃ ഈ എഴുത്തുകാർ എന്നു പറയുന്നവരിൽ ആരെങ്കിലും കായാറായിട്ടുണ്ടോ?

കോറസ്സ് ഃ ഇല്ല്. മിക്കവരും മദ്ധ്യവയസ്കരാണ്.

പ്രധാനമാലാഖഃ അതെന്താണു മദ്ധ്യവയസ്കർ എന്നു എടുത്ത് പറഞ്ഞത്. അവർക്ക് ഇനി അധികകാലം ഇല്ലെന്ന അർഥത്തിലാണോ?

കോറസ്സ് ഃ അല്ലേ അല്ല വിവരം ബോധിപ്പിച്ചതാണു.

പ്രധാഃ അവന്മാർക്ക് പ്രഷർ, ഗ്യാസ്ട്രബിൾ, ഷുഗർ, ഹാർട്ട്ട്രബിൾ, കൊളൊസ്ട്രോൾ, ആർത്രൈറ്റിസ്, അർശസ്സ്, മൂലകുരു ഇത്യാദി ഒന്നുമില്ലേ?

കോറസ്സ്ഃ ചിലർക്കൊക്കെയുണ്ട്. അതിനൊക്കെ അവിടെ മരുന്നുകൾ ഉണ്ട്. ജീവൻവരെ പിടിച്ച് നിർത്താൻ മരുന്നുണ്ട് ഭൂമിയിൽ. അവരുടെ പ്രധാന അസുഖം എഴുത്തിന്റെ അസ്കതയാണു. സർഗ്ഗ പുളകം കൊണ്ട് എല്ലാവരും കുത്തി കുറിക്കുന്നു. കവിതകളേക്കാൾ പദ്യങ്ങൾ എഴുതുന്നവരാണു കൂടുതൽ. ലക്ഷ്മിയും സരസ്വതിയും ഒരുമിച്ച് വാഴുകയില്ലെന്നു പറയുന്നത് തിരുത്തുകയാണു ആ രാജ്യത്തെ എഴുത്തുകാർ. എന്നാൽ ഇവർക്കൊക്കെ സരസ്വതിയുടെ പ്രസാദം എത്രത്തോളം ഉണ്ടെന്ന കാര്യത്തിലാണു ജനം യോജിക്കാത്തത്. ലക്ഷ്മി പ്രസാദം ഉണ്ടെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല.

പ്രധാഃ പൊതുജനത്തിന്റെ നിലവിളിക്ക് ഒരു സമാധാനമുണ്ടാക്കണമല്ലോ? സത്യം അറിയാൻ എന്താണു വഴി? ആരെങ്കിലും മരിച്ചെങ്കിൽ സംഗതി എളുപ്പമായിരുന്നു. എല്ലാവരും ആയുഷ്മാൻഭവ: എന്ന അനുഗ്രഹവും വാങ്ങി ജീവിക്കയല്ലേ?

കോറസിൽ നിന്നും ഒരഭിപ്രായം വന്നു. എഴുത്തുകാർ എന്ന് പറയുന്നവരിൽ നിന്നും ആരെയെങ്കിലും ഒരാളെ തൽക്കാലത്തേക്ക് കൊല്ലുക. അയാളുടെ ആത്മാവ് കൊണ്ടുവന്ന് നമുക്ക് പരിശോധിക്കാം. പിന്നെ ജീവൻ തിരിച്ച് കൊടുത്ത് പുനർജീവിപ്പിക്കാം.

പ്രധാഃ അതു അപകടമാണു ആളുകൾ ഒക്കെ കൂടി മൃതദേഹം കുഴിച്ചിടുകയോ കത്തിച്ച് കളയുകയോ ചെയ്താലോ?

കോർഃ ഏയ് ഇപ്പോൾ അതൊക്കെ സാവകാശത്തിലാണ്. മരിച്ച് കഴിഞ്ഞാൽ മൂന്നോ, നാലോ ദിവസം പ്രദർശനം, അതിനിടയിൽ വീഢിയോ, അതിഥികളുടെ സന്ദർശനം, അനുശോചനയോഗം, പ്രസംഗ മത്സരം....പത്രങ്ങളിൽ ഫോട്ടൊയും, ജീവചരിത്രവും.. അങ്ങനെ പോകുന്നു കലാപരിപാടികൾ.. മരണം ഇപ്പോൾ ഗ്രാൻറായിട്ടല്ലേ ജങ്ങങ്ങൾ ആഘോഷിക്കുന്നത്. മനുഷ്യർ ഇതൊക്കെ കാട്ടികൂട്ടുമ്പോൾ നമുക്ക് കാര്യം അന്വേഷിച്ച് കണ്ടുപിടിച്ച് ദൈവത്തെ ബോധിപ്പിക്കാം.

അപ്രകാരം ഏതോ ഒരു സമ്പന്നരാഷ്ട്രത്തിൽ ( വായനക്കാരുടെ യുക്തം പോലെ ഇഷ്ടമുള്ള പേരു വിളിക്കാം) കുടിയേറി പാർത്തവരെ ശല്യം ചെയ്യുന്ന എഴുത്തുകാരിൽ ഒരാളുടെ ജീവനെ മാലാഖമാരിൽ ഒരാൾ ബന്ധിച്ചു. ആത്മാവ് വേർപ്പെട്ടപ്പോൾ അയാളുടെ ഭൗതിക ശരീരം അല്ലെങ്കിൽ മ്രുതശരീരം.. കണ്ട് ബന്ധുമിത്രാദികൾ പൊട്ടികരഞ്ഞു. പിന്നീട് ˘ ത്രീപീസ് സ്യൂട്ടിൽ ആ ദേഹത്തെ പ്രദർശനത്തിനു വച്ചു.

ആത്മാവ് ബന്ധിച്ച്കൊണ്ട് പോകാൻ വന്ന മാലാഖ ആത്മാവിനോട് ഒട്ടിപിടിച്ച ഒരു സാധനം കണ്ട് അമ്പരന്ന് ആത്മാവിനോട് എന്താടോ അത്?

മരിചയാൾഃ ഇതൊരു പുസ്തകമാണ്.

മാലാഖഃ ഭൂമിയിൽ നിന്ന് തന്റെ ആത്മാവിനു മാത്രമെ പരലോകത്തിൽ പ്രവേശനമുള്ളു. പുസ്തകം താഴെയിടൂ..

മരിച്ചയാൾഃ അങ്ങനെ പറയരുത്. ഇതെന്റെ ജീവനാണ് ആത്മാവാണ്.

മാലാഖഃ തനിക്ക് ഒരാത്മാവേയുള്ളു. അതാണു ഞാൻ ബന്ധിച്ചിരിക്കുന്നത് പുസ്തകം താഴെയിടൂ.
മരിച്ചയാൾഃ എഴുത്തു എന്റെ രക്തത്തിലലിഞ്ഞിരിക്കയാണു. എഴുതാതെ എനിക്ക് ജീവിക്കാൻ വയ്യ.

മാലാഖഃ ഇനി താൻ ജീവിക്കണ്ട. താൻ മരിച്ചു. പുസ്തകം താഴെയിട്ട് എന്റെ കൂടെ വരൂ.

മരിച്ചയാൾ; എന്റെ വീട്, അല്ല മാളിക, ആണ്മക്കൾ, ഭാര്യ, ബാങ്ക് നിക്ഷേപങ്ങൾ എല്ലാം ഞാൻ ഉപേക്ഷിക്കാം. പക്ഷെ ഈ പുസ്തകം, ഇതു ഞാൻ എഴുതിയതാണ്, സ്വന്തം ചിലവിൽ അച്ചടിച്ചതാണ്, കൂടെകൊണ്ടുവരാൻ എന്നെ അനുവദിക്കണം.

മാലാഖ്ഃ ഇതു പണ്ട് സാവിത്രി സത്യവാന്റെ ആത്മാവിന്റെ പുറകെപോയപോലെയുണ്ടല്ലോ? ഇങ്ങനെ സ്വയം പറഞ്ഞ് തന്റെ പേജറിൽ പ്രധാന മാലാഖയെ വിളിച്ച് വിവരമറിയിച്ചു.

പ്രധാനമാലാഖ, ദൈവം, ദേവലോകസദസ്സ്, എല്ലാവരും എഴുത്തുകാരന്റെ ആത്മാവിന്റെ നിവേദനങ്ങൾ റീവൈൻഡ് ചെയ്ത് കണ്ടു.

ദൈവംഃ പാവം എഴുത്തുകാർ, അവർക്ക് എഴുത്തിനോട് ആത്മാർഥതയുണ്ട്.

കോറസ്സ്ഃ എഴുത്തുകാരുടെ ശല്യം കൊണ്ട് പൊറുതിമുട്ടിയ ജനങ്ങളോട് എന്തു പറയണം., ദൈവമേ...

ദൈവംഃ എഴുത്തുകാർ എഴുതുകയോ, വായിക്കുകയോ ചെയ്യട്ടെ, ആ ശല്യം ഒരു ശല്യമല്ല.

ഇതിനിടെ മരിച്ചു എന്നു കരുതിയ എഴുത്തുകാരൻെറ ഭാര്യയും മക്കളും സ്വന്തക്കാരും എല്ലാം ദുഃഖിച്ചിരിക്കയാണു. ശാന്തനായി ഉറങ്ങുന്നപോലെ മരിച്ചു കിടക്കുന്ന ഭർത്താവിൻെറ അരികിൽ അദ്ദേഹത്തിൻെറ അഭീഷ്ടപ്രകാരം അദ്ദേഹം എഴുതിയ പുസ്തകം കത്തിച്ചുവച്ച മെഴുകുതിരികൾക്കടുത്ത് വച്ച് ഭാര്യ ഇരുന്നു. അവരുടെ നരച്ച തലമുടി വെളുത്ത പൂക്കൾ വിതറിയ പോലെ കാണപ്പെട്ടു, കരഞ്ഞ്വീർത്ത മുഖം. വിതുമ്പുന്ന ചുണ്ടുകൾ. കണ്ണീർ തുള്ളികൾ ഉണങ്ങിയ കവിളിലേക്ക് ഇടക്കിടെ ഒഴുകുന്ന കണ്ണീർ. അവർ ഒരു നിമിഷം കണ്ണടച്ച് ധ്യാനിച്ചിരുന്നു.

ഈ സമയം ദൈവത്തിൻെറ ആജ്ഞപ്രകാരം എഴുത്തുകാരനു ജീവൻ തിരിച്ച് കിട്ടി. എഴുത്തുകാരൻ കണ്ണു തുറന്നു. അയാൾ ഒരു പെട്ടിയിൽ കിടക്കയാണെന്നു മനസ്സിലായി. ഇതിനിടയിൽ ആരാണു തന്നെ പെട്ടിയിലാക്കിയതെന്നു അയാൾ ഓർക്കാൻ ശ്രമിക്കവെ തനിക്കരികിൽ ഒരു യോഗിനിയെപോലെ തപസ്സ് ചെയ്യുന്ന ഭാര്യ. മഞ്ഞിൽ വിടർന്ന പൂവ്വ് പോലെ. സജലങ്ങളായ കണ്ണുകൾ. അയാൾ ഭാര്യയെ വിളിച്ചു. പ്രാണനാഥൻെറ ഉയർത്തെഴുന്നേൽപ്പിൽ ഭാര്യയും മക്കളും ചുറ്റുംകൂടിയവരും സന്തോഷം കൊണ്ട് ഒന്നും ഉരിയാടാനാവാതെ നിന്നപ്പോൾ എഴുത്തുകാരൻ അയാളുടെ ജന്മവാസന പ്രകടമാക്കുമാറു ഭാര്യയെനോക്കി ഒരു സിനിമാ ഗാനം പാടി....

ഞാൻ നിൻെറ പ്രേമത്തിൻ
ജാലക വാതിൽക്കൽ
ശ്രീരാഗപക്ഷിയായ് പറന്നുണർന്നൂ

ആ രംഗം കണ്ടു നിന്ന ദൈവം മാലാഖമാരോട് പറഞ്ഞു എൻെറ തീരുമാനത്തിൽ മാറ്റമില്ല, എഴുതുന്നവർ എഴുതികൊള്ളട്ടെ. കണ്ടില്ലേ പാവം നമ്മളൊരുക്കിയ മരണത്തിൽ നിന്ന് ജീവൻ തിരിച്ച് കിട്ടിയ ഉടനെ പാട്ടായി, കഥയായി, സന്തോഷമായി...പാവം, പാവം എഴുത്തുകാർ......

(ഇത് വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധീകരിച്ചതാണു. എഴുത്തുകാരോടുള്ള ജനങ്ങളുടെ സമീപനം അന്നും വ്യത്യസ്തമായിരുന്നില്ല, ഇപ്പോഴും അങ്ങനെ തന്നെ)

************************